പത്രക്കുറിപ്പ്
23-09-2018

# പ്രളയ ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി ഡിഡിയുജികെവൈ പ്രോഗ്രാം ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ)

*** 2.21 കോടി ദുരിതാശ്വാസ നിധിയിലേക്ക്**

*** 6.41 കോടിയുടെ അവശ്യവസ്തുക്കൾ വിതരണം ചെയ്തു**

*** 505 ദുരിതാശ്വാസ ക്യാമ്പുകൾ**

തിരുവനന്തപുരം: കേരളം നേരിട്ട മഹാപ്രളയബാധയിൽ ദുരിതാശ്വാസ പുനരധി വാസ പ്രവർത്തനങ്ങളിൽ സജീവമായി വർത്തിച്ച് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (ഡിഡിയുജികെവൈ)യുടെ പ്രോഗ്രാം ഇംപ്ലിമെന്റിങ് ഏജൻസികൾ (പിഐഎ) മാതൃകയായി. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത നൈപുണ്യ പരിശീലന പദ്ധതിയാണ് ഡിഡിയുജികെവൈ. കേരളത്തിൽ പദ്ധതി നടപ്പാക്കുന്നതിനായി 120 പിഐഎകളാണ് കുടുംബശ്രീയുമായി കരാറിലെത്തിയിരിക്കുന്നത്. പ്രളയബാധയുണ്ടായത് മുതൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പ്രവർത്തിച്ചു വരികയായിരുന്നു ഇവർ . ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയും അവശ്യവസ്തുക്കൾ വിതരണം ചെയ്തും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നും ദുരിതബാധിതരുടെ ഭാവിജീവി തം ഭദ്രമാക്കുക ലക്ഷ്യമിട്ട് തൊഴിൽ നൈപുണ്യ പരിശീലനം നൽകിയും പിഐഎകൾ പ്രവർത്തനം സജീവമാക്കി.

**<u>വീട് വയ്ക്കാൻ സൗജന്യ സ്ഥലം</u>**

ഓഗസ്റ്റ് അവസാനം വരെയുള്ള കണക്കുകൾ അനുസരിച്ച് 2.21 കോടി രൂപയാണ് ദുരിതാശ്വാസ നിധിയിലേക്ക് പിഐഎകൾ സംഭാവനയായി നൽകിയത്. എച്ച്ആർഡിഎസ് ഇന്ത്യ എന്ന പിഐഎ മാത്രം 1.5 കോടി രൂപ നൽകി. ഇത് കൂടാതെ 50 ലക്ഷം രൂപയുടെ അവശ്യ വസ്തുക്കൾ വിതരണം ചെയ്യുകയും ചെയ്തു ഇവർ. ഇടുക്കി ജില്ലയിലെ ദുരിതബാധിതർക്കായി 25 വീടുകൾ നിർമ്മിക്കു ന്നതിന് 1.25 ഏക്കർ സ്ഥലവും എച്ച്ആർഡിഎസ് ഇന്ത്യ വിട്ടു നൽകി. മറ്റൊരു പിഐഎ ആയ ഇസാഫ് പ്രളയബാധിച്ച 399 പ്രദേശങ്ങളിൽ സഹായ ഹസ്തവുമായെത്തി. അവിടെ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്ന അവർ അവർ അഞ്ച് കോടി രൂപയുടെ അവശ്യ വസ്തുക്കളാണ് വിതരണം ചെയ്തത്. 2.14 ലക്ഷം പേർക്ക് അവർ ക്യാമ്പുകളിൽ അഭയം നൽകി.

**<u>നൈപുണ്യ പരിശീലനം</u>**

മലപ്പുറത്തെ ജൻ ശിക്ഷൺ സൻസ്ഥാൻ 21 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിപ്പിച്ചു. മലപ്പുറത്ത് നിലമ്പൂരിൽ ഡിഡിയുജികെവൈ പദ്ധതിക്ക് വേണ്ടിയുള്ള സമ്പൂർണ്ണ റെസിഡൻഷ്യൽ ട്രെയ്നിങ് സെന്റർ തന്നെ അവർ ദുരിതാശ്വാസ ക്യാമ്പാക്കി മാറ്റി. ഇവിടെ 292 പേരെ പുനരധിവസിപ്പിച്ചു. ഇതിൽ 168 പേരും ആദിവാസികളായിരുന്നു. ഡിഡിയുജികെവൈ പദ്ധതി അനുസരിച്ച് കുക്ക്- ജനറൽ കോഴ്സ് പഠിക്കുന്ന കുട്ടികളാണ് ഇവിടെ ദുരിതബാധിതകർക്കായി ഭക്ഷണം പാകം ചെയ്ത് നൽകിയത്. ക്യാമ്പിലെത്തിയ 18നും 35നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കൾക്ക് ഡിഡിയുജികെവൈ പദ്ധതി പ്രകാരം പരിശീലനം നൽകുകയും ചെയ്യും.

**<u>വീടുകളുടെ അറ്റകുറ്റപ്പണി</u>**

അതേസമയം ഡോൺ ബോസ്കോ ടെക്ക് സൊസൈറ്റി, വിമലഗിരി വിദ്യാപീഠം എന്നീ പിഐ എകൾ പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളിലെ വൈദ്യുത കണക്ഷനുകളിലെ തകരാറുകൾ പരിഹരിക്കുകയും എൽഇഡി ബൾബുകൾ സൗജന്യമായി നൽകുകയും ചെയ്തു. ഒരു ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ വിമലഗിരി വിദ്യാപീഠം 1.3 ലക്ഷം രൂപയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്തു. ഒരു ദുരിതാശ്വാസ ക്യാമ്പും പ്രവർത്തിപ്പിച്ചു. ഡോൺ ബോസ്കോ ടെക്ക് സൊസൈറ്റി ഒരു ക്യാമ്പ് പ്രവർത്തിപ്പിക്കുകയും ഒരു ലക്ഷം രൂപയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുക യും ചെയ്തു. അരലക്ഷം രൂപ ദുരിതാശ്വാസനിധിയിലേക്കും നൽകി.

**<u>ദുരിതാശ്വാസ ക്യാമ്പുകൾ</u>**

ചേതന ഇൻഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റി 17 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിപ്പിച്ചത്. 12147പേർക്ക് അഭയം നൽകി. 22 ലക്ഷം രൂപയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. അതേസമയം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് 4 ദുരിതാശ്വാസ ക്യാമ്പുകൾ എട്ട് ദിവസത്തേക്ക് പ്രവർത്തിപ്പിച്ചു. 1520പേർക്ക് അവർ അഭയം നൽകി. 36 ക്യാമ്പുകളിലായി 3460 പേർക്ക് അഭയം നൽകിയ പീപ്പിൾസ് സർവീസ് സൊസൈറ്റി 48.32 ലക്ഷം രൂപയുടെ അവശ്യസാ ധനങ്ങൾ നൽകുകയും ചെയ്തു. 2 ക്യാമ്പുകളിലായി 341 പേർക്കാണ് കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി അഭയം നൽകിയത്. കൂടാതെ 18 ലക്ഷം രൂപ ദുരിതാശ്വാസനിധിയിലേക്ക് നൽകുകയും 4.5 ലക്ഷം രൂപയുടെ അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കാപ് വർക്ക്ഫോഴ്സ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പ്രൈവറ്റ് ലിമിറ്റഡ് രക്ഷാപ്രവർത്തനങ്ങളിൽ സജീവമായിരുന്നു. 3.3 ലക്ഷം രൂപയുടെ അവശ്യവസ്തുക്കളും വിതരണം ചെയ്തു.

എഡ്യുജോബ്സ് അക്കാഡമി പ്രൈവറ്റ് ലിമിറ്റഡ് 1.12 ലക്ഷം രൂപയുടെ അവശ്യവസ്തുക്കൾ വിതരണം ചെയ്തു. പിഎസ്എൻ കൺസ്ട്രക്ഷൻ എക്വിപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് 15 ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകി, കൂടാതെ 5 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും വിതരണം ചെയ്തു. ഡെന്റ്കെയർ ഡെന്റൽ ലാബ് 25 ലക്ഷം രൂപയും സിംഗ്റോസെർവ് ഗ്ലോബൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് 5.1 ലക്ഷം രൂപയും സെന്റം വർക്ക്സ് സ്കിൽസ് ഇന്ത്യ ലിമിറ്റഡ് 81000 രൂപയും മെഗാ ഇൻഡസ്ട്രീസ് 17000 രൂപയും ദുരിതാശ്വാസ നിധിയിലേക്ക് നൽകി. ശുചീകരണ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകളുടെ സംഘാടനം എന്നിവയിലും പിഐഎകൾ സജീവമായിരുന്നു.

15നും 35നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് നൈപുണ്യപരിശീലനവും തൊഴിലും ലഭ്യമാക്കുന്ന ഡിഡിയുജികെവൈ പദ്ധതി വഴി നോഡൽ ഏജൻസിയായ കുടുംബശ്രീ ഇതുവരെ 41000ത്തോളം പേർക്ക് പരിശീലനം നൽകി. ഇതിൽ 24000ത്തോളം പേർക്ക് തൊഴിലും ലഭിച്ചു. പദ്ധതിയുടെ മികച്ച നടത്തിപ്പിന് ദേശീയ തലത്തിൽ 2016-17 കാലഘട്ടത്തിൽ മൂന്നാം സ്ഥാനവും 2017-18 കാലഘട്ടത്തിൽ രണ്ടാം സ്ഥാനവും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ